# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

04.04.2018-ൽമറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6672

## സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി

ഉത്തരം

ചോദ്യം

പ്രൊഫ: സി. രവീന്ദ്രനാഥ്

ശ്രീ.സി.മമ്മൂട്ടി

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി )

| ചോദ്യം | ഉത്തരം |
| --- | --- |
| എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണമേന്മയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>ബി) എങ്കിൽ ഇത് ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | എ) യും ബി) യും തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയൊട്ടാകെയുള്ള സ്കൂൾതല ഉച്ചഭക്ഷണ പരിപാടി സാമൂഹിക ഓഡിറ്റിനു വിധേയമാക്കണമെന്നുള്ളത് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി 15/02/2017- ൽ ഡൽഹിയിൽ വച്ച് നടന്ന പ്രോഗ്രാം അപ്രൂവൽ ബോർഡ് (PAB) മീറ്റിംഗിൽ സർക്കാരിനുവേണ്ടി പൊതു വിദ്യാഭ്യാസ സെക്രട്ടറി പങ്കെടുത്തിരുന്നു. കേരളത്തിൽ ഇതു നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ